പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

116 (3084) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പേരിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയിൻ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ഇതിനുള്ള ധനസഹായം എവിടെ നിന്നെല്ലാം ലഭിക്കുമെന്നും സബ് സിഡിയുടെയും തിരിച്ചടവുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കുമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 2013-14 സാമ്പത്തിക വർഷം നീക്കിവച്ച തുക എത്രയെന്നും ഇതിൽ എത്ര ചെലവഴിക്കപ്പെട്ടുവെന്നും എത്രപേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ സഹായം നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി വിഭാവന ചെയ്യുന്നത്. തുടങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ വരെ മൂലധനച്ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധനസബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽ പറഞ്ഞ ബാങ്കുകൾ ഈ സംരംഭവുമായി സഹകരിക്കുന്നത്. കൂടാതെ പ്രസ്തുത പലിശ നിരക്കിൽനിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവു നൽകിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ 2013-14 സാമ്പത്തിക വർഷം 2.97 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ച 19690 അപേക്ഷകരെയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7194 അപേക്ഷകരിൽ 6751 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി വായ്പ അനുവദിക്കാൻ ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം ബാങ്ക് വായ്പ 605 പേർ എടുത്തതായി ബാങ്ക് അറിയിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകളിന്മേൽ ബാങ്കുകൾ തുടർനടപടി സ്വീകരിച്ചു വരുന്നു. ഇതിനകം വായ്പ എടുത്തിട്ടുള്ള 418 പേരുടെ സബ്സിഡി തുകയായ 4.08 കോടി രൂപ നോർക്ക-റൂട്ട്സിൽനിന്നും അതാതു ബാങ്കുകളിലേക്ക് മാറ്റിയിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)*

തിരിച്ചെത്തിയ പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ

117 (3085) ശ്രീ. എം. എ. ബേബി :
ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്ത് നിയമത്തെ തുടർന്ന് സൗദി അറേബ്യയിൽനിന്നും തിരിച്ചെത്തിയ പ്രവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരിച്ചെത്തിയ പ്രവാസികൾക്കായി സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ ഇവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തേക്ക് ഇത്തരത്തിൽ തിരിച്ചെത്തിയവരുടെ കണക്കുകൾ ലഭ്യമാണോ ;

(ഇ) ഇതിൽ പുനരധിവാസ പാക്കേജ് പ്രകാരം സഹായം ലഭിച്ചവരുടെ കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം, സൗദി അറേബ്യയിലെ നിതാഖത്ത് നിയമം തുടങ്ങിയവമൂലം വിദേശ രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാനം കണ്ടെത്തുവാൻ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക വകുപ്പ് പുനരധിവാസ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly